15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2273 **30-09-2025 - ൽ മറുപടിയ്ക്ക്**

മെഡിക്കൽ കോളേജുകൾക്കും ജില്ലാ ആശുപത്രികൾക്കും ശസ്ത്രക്രിയാ ഉപകരണങ്ങൾ

ചോദ്യം		ഉത്തരം	
ശ്രീ. മോൻസ് ജോസഫ്		**ശ്രീമതി വീണാ ജോർജ്ജ്** **(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)**	
(എ)	സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കും ജില്ലാ ആശുപത്രികൾക്കും ശസ്ത്രക്രിയാ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾക്ക് സർക്കാരിന്റെ ഭാഗത്ത് നിന്നും എത്ര തുക കുടിശികയുണ്ടെന്ന് അറിയിക്കാമോ;	(എ)	വിവിധ പദ്ധതികൾ പ്രകാരം ആശുപത്രികൾക്ക് അനുവദിച്ച നല്കുന്ന തുകയിൽ നിന്ന് ശസ്ത്രക്രിയാ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾക്ക് കുടിശിക തുക നല്കി വരുന്നു. നിലവിൽ ശസ്ത്രക്രീയാ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ 90,82,86,532/- (തൊണ്ണൂറു കോടി എൺപത്തി രണ്ടു ലക്ഷത്തി എൺപത്തി ആറായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ടു രൂപ മാത്രം) രൂപ മെഡിക്കൽ കോളേജുകൾ കുടിശ്ശികയായി കമ്പനികൾക്ക് നല്കാനുണ്ട്. ജില്ലാ ആശുപത്രികൾ നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ജില്ലാ ആശുപത്രി മാവേലിക്കര – 12,00,000/- 2. ജില്ലാ ആശുപത്രി ചെങ്ങന്നൂർ - 42,528/- 3. ജില്ലാ ആശുപത്രി ആലുവ – 27,88,541/- 4. ജില്ലാ ആശുപത്രി വയനാട് - 87,24,138/- 5. ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് - 68,49,055/- 6.ജില്ലാ ആശുപത്രി കണ്ണൂർ - 5,12,08,038/- 7. ജില്ലാ ആശുപത്രി കൊല്ലം - 1,81,00,967/- 8. ജില്ലാ ആശുപത്രി നെടുമങ്ങാട് - 4,10,000/-
(ബി)	ഏത് മെഡിക്കൽ കോളേജിനാണ് പ്രസ്തുത കുടിശിക ഏറ്റവും കൂടുതലുള്ളതെന്നും ആയതിന്റെ തുക എത്രയാണെന്നും അറിയിക്കാമോ;	(ബി)	കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആണ് ഏറ്റവും കൂടുതൽ തുക കുടിശ്ശിക നൽകുവാൻ ഉള്ളത്. 18,32,09,105/-(പതിനെട്ടു കോടി മുപ്പത്തി രണ്ടു ലക്ഷത്തി ഒൻപതിനായിരത്തി നൂറ്റി അഞ്ച് രൂപ മാത്രം) രൂപ കുടിശ്ശികയാണ് കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് നൽകുവാൻ ഉള്ളത്.

(സി)	ഏറ്റവുമധികം കുടിശികയുള്ള മെഡിക്കൽ കോളേജിൽ 2024 ജൂലൈ മുതൽ 2025 ജൂൺ വരെയുള്ള കാലയളവിൽ മാത്രം സർക്കാർ നൽകാനുള്ള കുടിശിക എത്രയാണെന്ന് അറിയിക്കാമോ;	(സി)	കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് 2024 ജൂലൈ മുതൽ 2025 ജൂൺ വരെയുള്ള കാലയളവിൽ മാത്രം 12,93,22,849/- (പന്ത്രണ്ട് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒൻപതു രൂപ മാത്രം) രൂപയാണ് കുടിശ്ശിക ആയി നൽകുവാൻ ഉള്ളത്.
(ഡി)	അടിയന്തര ചികിത്സയ്ക്കായി ആവശ്യമുള്ള ഏതൊക്കെ പ്രധാന ഉപകരണങ്ങളുടെ വിതരണമാണ് തടസ്സപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;	(ഡി)	അടിയന്തര ചികിത്സയ്ക്കായി ആവശ്യമുള്ള ഉപകരണങ്ങളുടെ വിതരണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
(ഇ)	ശസ്ത്രക്രിയാ ഉപകരണങ്ങളുടെ വിതരണക്കാരുടെ സംഘടനയായ "ചേംബർ ഓഫ് ഡിസ്ട്രിബ്യൂട്ടേഴ്സ് ഓഫ് മെഡിക്കൽ ഇംപ്ലാന്റ്സ് ആൻഡ് ഡിസ്പോസബിൾസ് എന്തൊക്കെ ആവശ്യങ്ങളാണ് സർക്കാരിനോട് ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?	(ഇ)	ശസ്ത്രക്രിയാ ഉപകരണങ്ങൾ നല്കിയ വകയിൽ തുക ലഭ്യമാക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ചേംബർ ഓഫ് ഡിസ്ട്രിബ്യൂട്ടേഴ്സ് ഓഫ് മെഡിക്കൽ ഇംപ്ലാന്റ്സ് ആൻഡ് ഡിസ്പോസബിൾസ് എന്ന സംഘടന നിവേദനം നല്കിയിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും മനുഷ്യവിഭവശേഷിയുമാണ് സർക്കാർ നല്കിവരുന്നത്. വിവിധ പദ്ധതികൾ പ്രകാരം ആശുപത്രികൾക്ക് അനുവദിച്ച നല്കുന്ന തുകയിൽ നിന്ന് ശസ്ത്രക്രിയാ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾക്ക് കുടിശിക തുക നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ